# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആണിപ്പോൾ. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത നൽകി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം നൽകുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ നൽകുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

**പ്രവർത്തനങ്ങൾ**

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി     ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് ഇടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കാം
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ചെറു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

- അക്കാദമിക് മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ആഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അന്വേഷണാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കണ്ടെത്തിയ പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർട്ടുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കണ്ടെടുത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

### ഗണിതം

ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒറ്റ സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരൊറ്റ സംഖ്യകളുടെ സങ്കലനം.
- രണ്ട് ഇരട്ട സംഖ്യകളുടെ വ്യവകലനം.
- ഒറ്റ സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒറ്റ സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി ഇരട്ടി എന്നിവ തിരിച്ചറിയുന്നു.

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025-26

# STD- II

# English.

Aim : To speak, Read and write English without any mistakes

June

Pretest
To develop listening skills and reading skills.
first Listening skills.
Games, Action songs Hello English activities, Conversations, skit stories.
Use ICT. ~~Speaking skills~~
Speaking skills.

Descriptions, growing sentences, picture reading picture description, self introduction.
Assembly activities - speech book review, quiz riddles, self introduction etc.

July & August.

Reading skills

News paper reading, library books reading, book review, reading breaking news, find words.
Collect and read past tense, rhyming words, describing words etc Textbook activities.

Writing skills

Make word web, pic description, word chain, sentence chain, make words of sentences, make riddles, conversations, Add more lines, develop story, description, notice proclamation, diary letter Announcement, .

October and November.

To express thoughts, feelings etc.

Reading skill

1. Reading, book review, library books reading
2. Conversation.
3. Read stories.
4. Develop stories.
5. Read notice.

Writing skills.

1. Making word web.
2. Picture description.
3. Word chain, sentence chain
4. Make riddles, Conversations.
5. add more lines.

Activities.

Riddles, make descriptions, growing sentence, self introduction, add more lines.

December and January.

Develop the creative speaking and writing.

To express thought, feelings etc.

Reading skill

1. News paper reading, book review, library books reading.
2. Conversation, skit etc
3. Reads diary.
4. Develop story
5. Read letters from friends.

Writing skills

1. Diary
2. Letter.
3. Announcement.

Activities.

Speech, Describe the picture arrange the words in alphabetical order, conversation.

February and March.

To improve the presentation power.

Reading skill

1. News paper reading, book review, library book reading.

2. Convasation skit
3. Develop story.
4. Reads diary.

Writing skills.

1. Letter
2. Diary
3. Description
4. Announcement.
5. Add more lines.

Activities.

Describe the picture, textbook activities, convasation skit, follow simple instructions, interact using simple dialogues.

# മലയാളം.

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല, എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിശോധിച്ചാണ് ക്ലാസ് തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം.

## പ്രവർത്തന ലക്ഷ്യങ്ങൾ.

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക
* എല്ലാ കുട്ടികളെയും തെറ്റുകൂടാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തമായ രചനകളിൽ

ഉൾപ്പെടുത്തുകയും ചെയ്യുന്നു.
* ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും, ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം

* പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ, എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം.

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും ഒക്കെ അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ.

* ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്) പ്രദർശനത്തിന് ക്ലാസിൽ അവസരമൊരുക്കൽ.
* വായനാ സാമഗ്രികൾ നിർമിക്കൽ.
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

ജൂലൈ·

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്.

* ക്ലാസ് ലൈബ്രറി പ്രവർത്തന ക്ഷമമാക്കൽ.
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.
* വീട്ടു ലൈബ്രറി ഒരുക്കൽ.
* ചിത്ര വിവരണം.
* വായനാ തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ.

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ.
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.
* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ.
* വായിച്ച കഥാഭാഗങ്ങൾക്ക് ആവിഷ്കാരം ചെയ്യൽ.

ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.
* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു. ഉദാ: ആന, വലിയ ആന, കറുത്ത വലിയ ആന.

നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.

ഡിസംബർ

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും, എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിത പൂരണം)
- ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

ഫെബ്രുവരി.

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ (ഭാഷണം, ലേഖനം, വായന).
- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരമൊരുക്കൽ

മാർച്ച്.

- വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
- വീട്ടു വായന, കൂട്ടു വായന, ചിത്രവായന എന്നിവയെ പ്രോത്സാഹിപ്പിക്കൽ.

പ്രോത്സാ[illegible]

# ഗണിതം.

## ആമുഖം.

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് "ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത്. എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തൽപരരായി നേടിയെടുക്കേണ്ടവ നേടിയെടുക്കുകതന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ.

- ഒന്നാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്ന പരിഹാരം, എന്നിവയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു (100ൽ താഴെ).

• ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ വൈവിധ്യ-ങ്ങളും ഒരേ രേഖയിൽ എത്തിച്ചേരൽ.

• പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരി-ക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടു-ത്തൽ.

മുന്നൊരുക്കം.

• ഗണിതശേഖരങ്ങളിൽ കൂടി വൈവിധ്യ തിരി-ച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം.

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരി-ക്കണം. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടു-ത്തൽ.

ജൂൺ.

• ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ തിരിച്ചറിയുക.
• വ്യത്യസ്ത വരകൾ പരിചയപ്പെടുക.
• രൂപങ്ങൾക്ക് നിറം നൽകി പാറ്റേണുകൾ നിർമ്മിക്കുക.
• വിവിധ രൂപങ്ങൾ ചേർത്ത് പുതിയ ചിത്രങ്ങൾ രൂപീകരിക്കൽ.
• രൂപങ്ങൾ വരയ്ക്കുകയും നിർമ്മിക്കുകയും ചെയ്യുക.

ജൂലൈ.

• ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ-പ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

• ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.
• പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.

ഓഗസ്റ്റ്
• വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
• സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
• 10 പത്തുകൾ ചേർന്നാൽ 100 ആകും.
• 100 ഒന്നുകൾ ചേർന്നതാണ് 100.
• ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതങ്ങൾ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

സെപ്റ്റംബർ
• ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
• വിലവിവര പട്ടിക തയ്യാറാക്കൽ.
• ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

ഒക്ടോബർ.
• രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
• സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
• സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ).

നവംബർ.

* സ്ഥാന വില തിരിച്ചറിയൽ. (ഒന്ന്, പത്ത്, നൂറ്)
* പ്രായോഗിക പ്രശ്ന പരിഹാരത്തിനായ് കളിനോട്ടുകൾ, പേപ്പർ മുതലായ വെട്ടി ആവശ്യ സംഖ്യ എഴുതൽ.
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ.

ഡിസംബർ.

* സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
* സ്ഥാനവില പ്രശ്ന പരിഹാരങ്ങൾക്കായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മാണം.
* രണ്ടക്ക സംഖ്യകളുടെ തുക കാണുന്നതിനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി.

* വില വിവര പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്ന നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ.
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

ഫെബ്രുവരി

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതപഠനം നടത്തൽ.
* ഉല്ലാസഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളി രീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

ഉൽപ്പ്

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ.
* കലണ്ടറിൽ ചുവന്ന/കറുത്ത അക്കങ്ങളുടെ തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
* കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ.
* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയും.

—.

അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം STD III

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | അവതരണ സന്ദർഭം |
|---|---|---|---|---|
| * സാഹിത്യ പ്രതിഭകളെ അടുത്തറിയാം | കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അധ്യാപകർ, SMC | PTA, വായനദിനം |
| | പുസ്തകശേഖരണവും പ്രദർശനവും | ജൂൺ - ഡിസംബർ | അധ്യാപകർ, SMC | വായനദിനം |
| | ചിത്രഗ്യാലറി | ഒക്ടോബർ ജനുവരി | MPTA, ക്ലബ്ബുകൾ | പഠനോത്സവം |
| * വായനാ പരിപോഷണം | പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | വായനാവാരം |
| | വായനാക്കളരി | ആഴ്ചയിൽ | ക്ലബ്ബുകൾ | സർഗവേള |
| | നാട്ടുവായന, പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്റ്റ് | സാഹിത്യക്ലബ്ബ് | പഠനോത്സവം |
| | | | | |

അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം STD III

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | അവതരണ സന്ദർഭം |
|---|---|---|---|---|
| * ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും<br>ഒറിഗാമി- ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ഒക്ടോബർ<br>ജനുവരി | SRG PTA<br>SRG classTr | PTA<br>പഠനോത്സവം |
| * ഗണിതം രസകരമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG classTr | പഠനോത്സവം |

Academic master plan - English

CLASS 3-4

Aim . : To speak, Read, & write English without any mistakes

**Obstacles and issues achieving result**

- Background.
- Poor Vocabulary.
- Use of Native Language.
- Lack of Speaking Skills.
- Lack of Confidence.

| Objectives | Activities | Time | Executed by |
|---|---|---|---|
| To speak, Read & write English without any mistakes | Listening skills:<br><br>Games, Action songs. Hello English Activities conversations skit stories use ICT<br><br>speaking skills:-<br><br>Identify the naming words from the picture<br><br>Identify the action words from the picture.<br><br>Make the simple sentences using the word about picture<br><br>Make simple description about the picture<br><br>Growing sentences,picture reading, self introductions Origami work, | June and July | Teachers, Art teacher,students, PTA, |

| | | | |
|---|---|---|---|
| | describing words, past tense<br><br>Develop the creative speaking and writing<br><br>Reading skills<br><br>Books reading<br>Find words<br>Collect and read past tense<br>Rhyming words<br>TB Activities<br><br>Writing Skills<br><br>make word web<br>picture description<br><br>Word chain<br>Make words & Sentencess<br>Make riddles, conversations<br>Add more lines.<br><br>To express thoughts, feelings etc....<br><br>Reading skills<br><br>Library book reading<br><br>Conversations, skit, Stories, use ICT,Read notice<br>Develop story<br><br>Writing Skills<br><br>Description<br>Thoughts<br><br>Develop the creative speaking and writing. | August and september<br><br>October and November ~ | |

| | | | |
|---|---|---|---|
| | **Reading skills**<br><br>**Library books reading**<br>**Conversations ,skit Stories use ICT**<br>**Develop story**<br>**Reads dairy**<br><br>**Writing Skills**<br><br>**Dairy**<br>**Announcement**<br><br>**• To improve the presentation power.** | **December and January.** | |
| | **Reading Skills**<br><br>**Library books reading**<br>**Conversations, skit Stories**<br>**Develop story.**<br><br>**Writing Skills:**<br><br>• **Dairy**<br>• **Description**<br>• **Thoughts**<br>• **Exhibition.** | **February and march** | |

പരിസര പഠനം

**Std3**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ശാസ്ത്രവബോധം വളർത്തുക | കണ്ടെത്തൽ, ലഘു പരീക്ഷണങ്ങൾ, കറിപ്പ് തയ്യാറാക്കൽ, പട്ടികപെടുത്തൽ | ജൂൺ, ജൂലൈ, ഓഗസ്റ്റ് | **SRG**<br>**TEACHER**<br>**PTA** |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ വൈവിധ്യ പാർക്ക്, മഴക്കുഴി,പരിസ്ഥിതി സംരക്ഷണപ്രവർത്ശനങ്ങൾ | സെപ്റ്റംബർ, ഒക്ടോബർ, ഡിസംബർ | **SRG**<br>**TEACHER**<br>**PTA** |
| ശാസ്ത്രപരീക്ഷണങ്ങൾ | ശാസ്ത്രപ്രതിഭകൾപരിചയം, ശാസ്ത്ര മാഗസിൻ, പതിപ്പ് | ജനുവരി, ഫെബ്രുവരി, മാർച്ച് | **SRG**<br>**TEACHER**<br>**PTA** |

അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം STD IV

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | അവതരണ സന്ദർഭം |
|---|---|---|---|---|
| * ഗണിതപഠനം രസകരമാക്കൽ (പ്രക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ<br>മൂല്യനിർണയം (കോണിയും പാമ്പും)<br>സങ്കലനം-വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>class IV | CPTA, സർഗവേള<br>പഠനോത്സവം |
| * ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷിവികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം | വർഷത്തിലൊരിക്കൽ | class IV | class PTA |
| * ഗണിതപഠനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | SRG<br>class IV | class PTA |
| * ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | class IV | CPTA, പഠനോത്സവം. |
| * പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | TB യുമായി ബന്ധപ്പെട്ട പഠനോപകരണ നിർമ്മാണം, പ്രദർശനം | ആവശ്യാനുസരണം | PTA<br>class IV | പഠനോത്സവം<br>CPTA |
| * ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ പാറ്റേൺ, ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന്. | SRG<br>class IV | CPTA<br>പഠനോത്സവം |

# അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം STD IV

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | അവതരണ സന്ദർഭം |
|---|---|---|---|---|
| * ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG class Tr | CPTA സർഗവേള |
| * വായനാശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം, വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന | വർഷം മുഴുവൻ | SRG class Tr CPTA | PTA സർഗവേള പഠനോത്സവം |
| * എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG class Tr | CPTA |
| * ലേഖന ശേഷി വർധിപ്പിക്കൽ സാഹിത്യകാരൻ മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | class Tr | |
| * അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | class Tr | CPTA |
| * നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള – പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ | വർഷത്തിൽ ഒന്ന് | SRG class Tr PTA | |
| * സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ പുസ്തക പരിചയം, ക്വിസ് പതിപ്പ് നിർമ്മാണം | ആവശ്യാനുസരണം | SRG class Tr CPTA | |
| * പാഠഭാഗവുമായി ബന്ധപ്പെട്ടവ നേരിട്ടറിയൽ | കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിൽ ഒന്ന് | SRG CPTA class Tr | CPTA |
| * ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ ആവർത്തിപ്പിക്കൽ | കുട്ടികളുടെ സർഗ ശേഷികളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | SRG CPTA class Tr | സർഗോത്സവം |

പരിസര പഠനം

**Std4**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| നിരീക്ഷണം, അറിവ് നിർമ്മാണം | പ്രകൃതി നടത്തം, പരീക്ഷണങ്ങൾ, ഫീൽഡ് ട്രിപ്പ് | ആവശ്യാനുസരണം | **PTA**<br>**SRG**<br>**TEACHER** |
| ശാസ്ത്ര മൂല,ശാസ്ത്ര പഠനം രസകരമാക്കുന്നതിന് | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ശേഖരിക്കൽ | ആവശ്യാനുസരണം | **PTA**<br>**SRG**<br>**TEACHERS** |
| ഭൂപടമൊരുക്കൽ കേരളം- ഇന്ത്യ | ഭൂപട വായന | | |
| വിസ്മയ ചുവർ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ | ആവശ്യനുസരണം | **TEACHER**<br>**PTA**<br>**SRG** |
| ശാസ്ത്രോത്സവം<br><br>ശാസ്ത്ര പഠനവുമായി നേടിയ അറിവുകളുടെ പ്രയോഗം | മാഗസിൻ, പതിപ്പ്, ചാർട്ട്,ആൽബം, ശാസ്ത്ര മാസിക | ആവശ്യനുസരണം | **TEACHER**<br>**PTA**<br>**SRG** |

Academic master plan - English UP

CLASS 5-7

Aim . : To speak, Read, & write English without any mistakes

Obstacles and issues achieving result

- Background.
- Poor Vocabulary.
- Use of Native Language.
- Lack of Speaking Skills.
- Lack of Confidence.

| Objectives | Activities | Time | Executed by |
|---|---|---|---|
| To speak, Read & write English without any mistakes | Listening skills<br>Language games, conversations, skit, stories | June | Teachers, Art teacher,students, PTA, |
| | Use ICT<br>Speaking skills<br>Descriptions, growing sentences picture reading, picture description self introduction Assembly activities- speech, book review, quiz riddles,self introduction, School radio etc | July & August | |
| | Reading skills<br>News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc<br>Textbook activities | September to February | |

| | | | |
|---|---|---|---|
| | Writing skills<br>Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter,Announceme nt, magazines | | |

# ലെവൽ യു. പി. ഹിന്ദി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) 5-10 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. | • പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കിക്കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപിക | |
| 2) ഹിന്ദി വായന:- തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | • നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേയ്ക്ക് ആകർഷിപ്പിക്കും. ഹിന്ദി ചിത്രകഥകൾ തന്നെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപിക | |
| 3) ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | • ഹിന്ദി മാത്രം മിക്കവാറും ക്ലാസ്സുകളിൽ ഉപയോഗിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസ്സിൽ കൊണ്ടുവരും. വായനയ്ക്ക് —— – ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും, കുട്ടികൾ അത് ശരിയാക്കി വായിക്കും. Readery Fight – തെറ്റാതെ കൂടുതൽ വരി വായിക്കുന്ന കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപിക | |

## അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം . യു. പി.

**ലക്ഷ്യങ്ങൾ :**

- കുട്ടികളെ സ്വതന്ത്ര രചയിതാക്കളാക്കുക.
- മികച്ച ഭാഷയിൽ ആശയങ്ങൾ, അനുഭവങ്ങൾ, വികാര വിചാരങ്ങൾ എന്നിവ ആവിഷ്കരിക്കാൻ പ്രാപ്തരാക്കുക.
- ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് അനുഭവം പങ്കിടാൻ കഴിവുള്ളവരാക്കുക.

**പ്രവർത്തനങ്ങൾ**

- വായനനിലനിർണയിക്കൽ (വായനയിൽ പിന്നാക്കാവസ്ഥയുള്ളവരെ കണ്ടെത്തൽ)
- വായന തലങ്ങൾ പരിചയപ്പെടൽ
  - ആശയ ഗ്രഹണ വായന
  - ഭാവാത്മക വായന
  - വിശകലനാത്മക വായന
  - ആസ്വാദനാംശങ്ങൾ കണ്ടെത്തുന്ന വായന
- രക്ഷിതാക്കൾക്ക് വായനാനുഭവം (ക്ലാസ് PTA-യിൽ അവസരം നൽകൽ)
- പുസ്തക ശേഖരണം.
- വായനാനുഭവം പങ്കിടൽ
- പുസ്തകാസ്വാദനം
- അസംബ്ലിയിൽ പ്രകടനാവസരം
- ക്ലാസ് PTA യിൽ അവതരണം.
- ക്ലാസ് പുസ്തക ചർച്ച.
- വായനാനുഭവം ലിഖിതരൂപത്തിൽ
- വായനോത്സവം
- ലക്ഷ്യശേഷിയിൽ ക്ലാസ് എവിടെ എത്തി? - വിശകലനറിപ്പോർട്ട് തയ്യാറാക്കൽ
- കൂടുതൽ പിന്തുണ ആവശ്യമുള്ളവരെ കണ്ടെത്തി സഹായിക്കൽ
- പൂർത്തീകരണ പ്രഖ്യാപനം.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല: എൽ.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| • ഭാഷയുടെ അടിസ്ഥാന ശേഷി വികസനം:- ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ [കഥ, കവിത, യാത്രാനുഭവം അനുഭവക്കുറിപ്പ്] അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി:- അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു | ജൂൺമാസം | ” | |
| | വാക്കുകളിൽനിന്ന് വാക്യത്തിലേക്ക്: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | ” | |
| • പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പുവരുത്തുക. | വാർത്താലോകത്തേക്ക്: പത്രം, മാസിക, വായനാകാർഡുകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | ” | |
| | ക്ലാസ് തലത്തിൽ വായന നടത്തി നല്ല വായനക്കാരെ കണ്ടെത്തുന്നു. | എല്ലാ ” | ക്ലാസ്ടീച്ചർ | |
| | ഓരോ മാസത്തെ പ്രധാന സംഭവങ്ങൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | എല്ലാമാസവും | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
| --- | --- | --- | --- | --- |
| • സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുകവഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ | സംവാദം/മുഖാമുഖം: സാഹിത്യകാരന്മാർ, ചിന്തകർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണങ്ങളും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | H.M. മലയാളം അധ്യാപകർ | മലയാളവേദി പി.ടി.എ. |
| • പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം: പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ കലാകാരന്മാരെ പങ്കെടുപ്പിച്ചു കൊണ്ട് ശില്പശാലകൾ നടത്തുന്നു | അക്കാദമിക് വർഷം. | പി.ടി.എ. | പി.ടി.എ. |
| • കുട്ടികളുടെ ആകാശവാണി. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പരിപാടി അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായി അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിലെ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | പ്രധാനപ്പെട്ട ദിവസങ്ങളിൽ - ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ലീഡർ സ്കൂൾ ലീഡർ അധ്യാപകർ | വിവിധ ക്ലബുകൾ പി.ടി.എ. |

U.P.

# അക്കാദമിക മാസ്റ്റർ പ്ലാൻ - സോഷ്യൽസയൻസ്

## പൊതുലക്ഷ്യങ്ങൾ:

- സാമൂഹ്യശാസ്ത്രവിഷയം കൂടുതൽ ശാസ്ത്രീയമാക്കുക
- സാമൂഹ്യചിന്ത, സാമൂഹ്യബോധം, സാമൂഹ്യശാസ്ത്ര വിശകലന ശേഷി, അന്വേഷണാത്മക ചിന്ത എന്നിവ വികസിപ്പിക്കുക
- സാമൂഹ്യശാസ്ത്ര പഠനത്തിൽ ICT സാധ്യത പ്രയോജനപ്പെടുത്തുക
- പഠനം കൂടുതൽ തനിമയുള്ളതാക്കുക.
- മതേതര ജനാധിപത്യബോധം വികസിപ്പിക്കൽ
- ചരിത്രശേഷിപ്പുകൾ നശിപ്പിക്കാതെ വരും തലമുറയ്ക്ക് കൈമാറുക
- അർത്ഥപൂർണമായ ഭൂപടവായന ക്രമീകരിക്കൽ
- പ്രാദേശിക ചരിത്രാവബോധം വളർത്തുക.
- പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്രപഠനം കാര്യക്ഷമമാക്കുക.
- ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുക.

## സാമൂഹ്യശാസ്ത്ര പഠനം - പ്രശ്നങ്ങൾ

### അക്കാദമികം:

- എല്ലാ കുട്ടികളേയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സാധിക്കുന്നില്ല
- വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ, സങ്കേതങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക പ്രശ്നങ്ങളുണ്ട്.

### ഭൗതികം

- ക്ലാസ്മുറിയിൽ ICT അധിഷ്ഠിത പഠനത്തിന് ആവശ്യമായ സൗകര്യമില്ല.

### സാമൂഹികം

- പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല
- പ്രാദേശിക വിഭവ ശേഖരണം നടത്തിയിട്ടില്ല.

പ്രവർത്തന പദ്ധതി വിശകലനം

പരിഹാര പ്രവർത്തനങ്ങൾ

- സാമൂഹ്യശാസ്ത്ര ലാബ് സജ്ജമാക്കൽ
- SS club രൂപീകരിക്കൽ
- Local Resource ഉപയോഗിക്കൽ
- ലാബിൽ ഉണ്ടാകേണ്ട വിഭവങ്ങൾ ലിസ്റ്റ് ചെയ്യൽ
- പഴയ നാണയങ്ങൾ, കറൻസികൾ എന്നിവ ശേഖരിക്കൽ
- സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ ചിട്ടപ്പെടുത്തൽ
- ICT വിഷയവുമായി ബന്ധപ്പെടുത്തി എങ്ങനെ ഉപയോഗിക്കാം എന്ന് SRG-യിൽ ചർച്ച
- Field trip - പ്രകൃതി ക്ഷോഭമുണ്ടായ സ്ഥലങ്ങൾ സന്ദർശിക്കൽ
- ദുരന്തങ്ങൾ ഉണ്ടായ പ്രദേശങ്ങളുടെ CD പ്രദർശനം
- കുട്ടികളുടെ രചന, ചരിത്രകാരന്മാരുടെ ചിത്രങ്ങൾ, മഹദ്വചനങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ
- സമൂഹത്തിനായി പ്രവർത്തിച്ച വ്യക്തികളുടെ ജീവിതവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി പ്രദർശനം.
- സ്കൂളും ക്ലാസും പരിസരവും പ്ലാസ്റ്റിക് വിമുക്ത മേഖലയാക്കൽ
- പരിസ്ഥിതി സൗഹൃദ വസ്തുക്കളുടെ ശേഖരണം
- പാഴ്വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗപ്രദമായ വസ്തുക്കൾ നിർമ്മിക്കൽ
- അറ്റ്ലസ്, ഗ്ലോബുകൾ എന്നിവ ആകർഷകമായ രീതിയിൽ ക്രമീകരിക്കൽ
- ആശയങ്ങൾ ചിത്രങ്ങളിലൂടെയും മോഡലുകളിലൂടെയും ശ്രദ്ധയിൽപ്പെടുത്തൽ
- ICT സാധ്യത ഉപയോഗിച്ച് പഠനം ആകർഷകമാക്കൽ
- ലഹരിവിരുദ്ധ മനോഭാവം വളർത്തുന്നതിനായി അതുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ, ഗാനങ്ങൾ, റാലി തുടങ്ങിയവ സംഘടിപ്പിക്കൽ

- CWSN കുട്ടികളെ പരിഗണിക്കൽ
- സോഷ്യൽസയൻസ് ഫെസ്റ്റ്, പ്രസംഗം, സ്കിറ്റ്, ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കൽ
- ഡിജിറ്റൽ ആൽബം തയ്യാറാക്കി പ്രദർശനം സംഘടിപ്പിക്കൽ
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തൽ - നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കൽ.

**ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ**

- സാമൂഹ്യശാസ്ത്ര ലാബ്
- സാമൂഹ്യശാസ്ത്ര പുസ്തകങ്ങൾ
- ഭൂപടങ്ങൾ, അറ്റ്ലസ്, ഗ്ലോബ്
- ICT അധിഷ്ഠിത ക്ലാസ്റൂം.
- പഴയകാല ഉപകരണങ്ങൾ, നാണയങ്ങൾ കറൻസികൾ etc.

അക്കാദമിക മാസ്റ്റർ പ്ലാൻ.

മേഖല: യു.പി. സോഷ്യൽസയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പ്രാദേശിക ചരിത്രം മനസ്സിലാക്കുന്നതിന് | • പ്രാദേശിക ഭൂപടം തയ്യാറാക്കൽ<br>• മുതിർന്ന പൗരന്മാരുമായിട്ടുള്ള അഭിമുഖം<br>• ചരിത്ര പ്രാധാന്യമുള്ള പ്രാദേശികസ്ഥലങ്ങളിലേക്ക് പഠനയാത്ര. | 3 മാസം. | SS. അധ്യാപകർ. P.T.A. | പി.ടി.എ. പൂർവ്വവിദ്യാർത്ഥികൾ. |
| • പഴയകാല ഉപകരണങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന്. | • വീടുകളിലെ പഴയകാല ഉപകരണങ്ങൾ, സാധനങ്ങൾ ശേഖരിക്കൽ<br>• സ്കൂളിൽ മ്യൂസിയം തയ്യാറാക്കൽ | 2 വർഷം | P.T.A. | ” |
| • പാഠഭാഗം ലളിതവും ആകർഷകവുമാക്കുന്നതിന് | • ICT. സാധ്യതകൾ പ്രയോജനപ്പെടുത്തൽ<br>. വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ | | SS. അധ്യാപകർ. | SSG. |
| പാഠഭാഗവുമായി ബന്ധപ്പെട്ട് ചരിത്രസംഭവങ്ങൾ, സ്മാരകങ്ങൾ സ്ഥലങ്ങൾ ഇവയെ നേരിട്ട് അനുഭവിച്ചറിയുന്നതിന് | • സാമൂഹ്യശാസ്ത്ര, ലൈബ്രറി, ലാബ് സജ്ജീകരിക്കൽ<br>• ഇന്റർനെറ്റ് വഴി സെർച്ച് ചെയ്ത് കണ്ടെത്താനുള്ള സൗകര്യം ഒരുക്കൽ<br>• പഠനയാത്രക്ക് വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കൽ. | 2 വർഷം മുതൽ 5 വർഷം വരെ | H.M. അധ്യാപകർ | പൂർവ്വവിദ്യാർത്ഥികൾ പി.ടി.എ. S.S.G. |

| | | | | |
|---|---|---|---|---|
| ചരിത്രപ്രാധാന്യമുള്ള ദിനങ്ങളെക്കുറിച്ചും ആഘോഷങ്ങളെക്കുറിച്ചുമുള്ള ധാരണ ഉണ്ടാക്കുക | • ദിനാചരണങ്ങൾ സംഘടിപ്പിക്കൽ<br>• അഭിമുഖം - പ്രശസ്ത വ്യക്തികളുമായിട്ട്<br>• ആഘോഷങ്ങൾ സംഘടിപ്പിക്കൽ | പ്രധാന ദിനങ്ങളിൽ | SS. അധ്യാപകർ<br>സൗഹൃദ ക്ലബ്ബ്.<br>P.T.A. | SRG<br>P.T.A. |
| കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും പൗരധർമ്മത്തെക്കുറിച്ചും മനസ്സിലാക്കുന്നതിന്. | • വിദഗ്ധരായവരെക്കൊണ്ട് ക്ലാസ് സംഘടിപ്പിക്കുക.<br>• തെരുവ് നാടകം, ഫ്ലാഷ് മോബ്. തുടങ്ങിയവ സംഘടിപ്പിക്കുക.<br>• Field trip, school parliament | 1 വർഷം. | S.R.G.<br>P.T.A. | പൂർവ്വവിദ്യാർത്ഥികൾ<br>S.S.G.<br>PTA, |
| ആതുരസേവനം മനസ്സിലാക്കൽ | • പാലിയേറ്റീവ് കെയർ ക്ലിനിക് സന്ദർശനം<br>• പാലിയേറ്റീവ് പ്രവർത്തകരെക്കൊണ്ട് ക്ലാസെടുപ്പിക്കൽ<br>• രോഗികൾക്ക് വിശേഷ ദിവസങ്ങളിൽ ഭക്ഷണ വിതരണം<br>• പണം ആവശ്യമുള്ളവർക്ക് ധനസഹായം സംഘടിപ്പിക്കൽ | | PTA, SSG<br>പൂർവ്വ വിദ്യാർത്ഥികൾ | " |
| ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | • ജൈവവൈവിധ്യങ്ങളെപ്പറ്റി അവബോധം നൽകൽ<br>• അക്വേറിയം, കുളം, കിളിക്കൂട് തുടങ്ങിയവ സംരക്ഷിക്കുക.<br>• ഫല മരങ്ങൾ വെച്ചു പിടിപ്പിക്കുക | | SRG.<br>PTA. രക്ഷകർത്താക്കൾ | " |

# അക്കാദമിക് മാസ്റ്റർ പ്ലാൻ. ഗണിതം.

പ്രധാന ലക്ഷ്യങ്ങൾ:-

- ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കിത്തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായിട്ടുള്ള ഗണിതവിജയം ഉല്ലാസഗണിതം നടപ്പാക്കുക.
- ഗണിതപഠനം ലളിതവും രസകരവുമാക്കുക
- ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിതപഠനം ലളിതമാക്കുക.
- സംഖ്യാപാറ്റേണുകൾ, ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു
- പ്രായോഗിക പ്രശ്ന പരിഹാരത്തിന് മുൻഗണന നൽകുന്നു.
- കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാക്കുന്നു
- ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം ഗുണനം, ഹരണം എന്നിവ സഹായകമാവുമെന്ന് തിരിച്ചറിയുന്നു
- വസ്തുക്കളെ ഗണിതാശയങ്ങളുമായി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.

4. പ്രവർത്തന പദ്ധതികൾ

- ഗണിതത്തോട് ഇഴുകിച്ചേരാൻ കളികൾ, പാട്ടുകൾ, ചിത്രകാർഡുകൾ ഡൈസുകൾ. ഗെയിം ബോർഡുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ
- സ്ഥാനവില പോക്കറ്റ് നിർമ്മാണം, ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം സംഖ്യാകാർഡുകൾ, അബാക്കസ്, സംഖ്യാചാർട്ടുകൾ, സംഖ്യാമാലകൾ പദസൂര്യൻ, പസിലുകൾ, സംഖ്യാകേളികൾ, സങ്കലനപ്പട്ടിക ഗുണനപ്പട്ടിക, വർക്ക്ഷീറ്റുകൾ - തുടങ്ങിയവ തയ്യാറാക്കൽ
- സെമിനാർ, ക്വിസ്, ഗണിതോത്സവം, ശില്പശാല തുടങ്ങിയവ സംഘടിപ്പിക്കുന്നു.

മേഖല. യു. പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശദാംശം |
|---|---|---|---|---|
| • അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. [നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ പെട്ടികൾ . . . എന്നിവ ഉപയോഗിക്കുന്നു] | ജൂൺമാസം | ഗണിത അധ്യാപകർ. | |
| • രസകരമായ ഗണിത ശാസ്ത്രപഠനവും ചലന ശേഷികളുടെ വികാസവും | ഒറിഗാമി:- പരിശീലനം നൽകുന്നു വിവിധ രൂപങ്ങൾ നിർമിക്കുന്നു. ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തുന്നു. | വർഷത്തിൽ ഒരുപ്രാവശ്യം | ഗണിതഅധ്യാപകർ ആർട്ട് ടീച്ചർ. | |
| • ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു- ചാർട്ടുകൾ തയ്യാറാക്കുന്നു. അവയുടെ പ്രദർശനം നടത്തുന്നു. | ഒരുപ്രാവശ്യം | ഗണിതക്ലബ്ബ്. പി.ടി.എ. | |
| • ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയരൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കുന്നു. | മാസത്തിൽ ഒരുപ്രാവശ്യം | ഗണിത അധ്യാപകർ | |